"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
KSHB Building,
ശാന്തിനഗർ, തിരുവനന്തപുരം

നമ്പർ:ഐ4/33075/14 തീയതി: 07/11/2014

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-പ്ലാനിംഗ് -ഐ.ടി.ഐയ്ക്കായി സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ- സംബന്ധിച്ച്.

സൂചന:- 08/05/13ലെ എൽ.ആർ.കെ2-18287/12 നമ്പരായ ലാന്റ് റവന്യൂ കമ്മീഷണറുടെ സർക്കുലർ.

*********

1. നിർദ്ദിഷ്ട ഭൂമി ഐ.ടി.ഐ സ്ഥാപിക്കുന്നതിന് പര്യാപ്തവും അനുയോജ്യവുമാണെന്നുള്ള ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾ സ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കണം. ഇതിന് ഭാവി വികസനം വെള്ളം, വൈദ്യുതി, വഴി തുടങ്ങിയവയുടെ ലഭ്യത എന്നിവ പരിഗണിക്കേണ്ടതാണ്.

   (നടപടി പ്രിൻസിപ്പാൾ)

2. നെൽവയൽ തണ്ണീർത്തടങ്ങൾ, ജലസ്രോതസ്സുകൾ, തീരങ്ങൾ, സംരക്ഷിതസ്മാരകങ്ങൾ, വികസന സോണുകൾ, പാരിസ്ഥിതിക-ദുർബല/സംവേദക മേഖലകൾ, വനങ്ങൾ വിജ്ഞാപനം ചെയ്യപ്പെട്ട ഭൂവിഭാഗങ്ങൾ തുടങ്ങിയ നിയന്ത്രിത പ്രദേശങ്ങൾ ഉൾപ്പെടുന്ന ഭൂമി കൈമാറ്റ ശുപാർശക ളിൽ ബന്ധപ്പെട്ട അതോറിറ്റിയുടെ/സമിതിയുടെ അനുമതി/അഭിപ്രായം കൂടി സ്വീകരിച്ചതിന് ശേഷം മാത്രം സ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് തരേണ്ടതാണ്.

   (നടപടി പ്രിൻസിപ്പാൾ)

3. മറ്റു വകുപ്പുകളുടെ അധീനതയിലുള്ള ഭൂമിയാണ് ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി പഞ്ചായത്ത് തിരഞ്ഞെടുക്കുന്നത്/ചൂണ്ടിക്കാണിക്കുന്നതെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട് സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് വിട്ടു നൽകുന്നതിന് അതാത് ഭരണ വകുപ്പിൽ നിന്നും അനുമതി (സർക്കാർ ഉത്തരവ്) ലഭ്യമാക്കേണ്ടതാണ്.

   (നടപടി തദ്ദേശസ്വയംഭരണ സ്ഥാപനം)

4. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയാണ് ഐ.റ്റി.ഐക്കായി കൈമാറാൻ ഉദ്ദേശിക്കുന്നതെങ്കിൽ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം സർക്കാരിൽ നിന്നും ഭൂമി കൈമാറുന്നതിന് അനുമതി(സർക്കാർ ഉത്തരവ്) വാങ്ങണം.

   (നടപടി തദ്ദേശസ്വയംഭരണ സ്ഥാപനം)

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള സ്വയാർജ്ജിത ഭൂമി/സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിയാണ് ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് വിട്ടുതരുന്നതെങ്കിൽ ഭൂമി വിട്ടൊഴിയലിനുള്ള നിർദ്ദിഷ്ട ഫോമിൽ (Land Relinquishment form) അപേക്ഷ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് (RDO) സമർപ്പിച്ച് ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കണം.(പുറമ്പോക്ക് ഭൂമിയായി പ്രഖ്യാപിക്കണം) മാതൃക ഉള്ളടക്കം ചെയ്യുന്നു.

(നടപടി തദ്ദേശസ്വയംഭരണ സ്ഥാപനം)

6. ആയതിന് ശേഷം സ്ഥലത്തിന്റെ ആവശ്യകത കാണിക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉൾപ്പടെ ഭൂമി കൈമാറ്റത്തിനായി നിർദ്ദിഷ്ട ഫോമിൽ (Land transfer form) ആവശ്യകതയുടെ വിശദ വിവരങ്ങൾ ഉൾപ്പെടുത്തി അപേക്ഷ ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകണം.
മാതൃക ഉള്ളടക്കം ചെയ്യുന്നു.

(നടപടി ട്രെയിനിംഗ് ഡയറക്ടർ)

7. കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതും, അവയുടെ നിയന്ത്രണത്തിലുള്ളതുമായ പുറമ്പോക്ക് ഭൂമിയും ഈ വിധത്തിലാണ് കൈമാറേണ്ടത്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഡി.30/09/14

ലാൻ്റ് റിലിൻക്വിഷ്മെൻ്റ് ഫോറം എ (റൂൾ 3)

# ഭൂമി വിട്ടുകൊടുക്കുന്നതിനുള്ള ഫോറം

1. അപേക്ഷയുടെ തീയതി :
2. അപേക്ഷകൻ്റെ പേരും മേൽ വിലാസവും :

3. വിട്ടുകൊടുക്കുന്ന ഭൂമിയുടെ വിവരങ്ങൾ :
   എ) വില്ലേജ് :
   ബി) സർവ്വേ നമ്പറും സബ്ഡിവിഷൻ നമ്പറും :
   സി) മൊത്തം വിസ്തീർണ്ണം :
   ഡി) വിട്ടുകൊടുക്കുന്ന വിസ്തീർണ്ണം :
4. ഭൂമി വിട്ടുകൊടുക്കുന്നതിൻ്റെ ആവശ്യം അഥവാ കാരണം :
5. ഭൂമി ഗവൺമെൻ്റിൽ നിന്നും കൈവശപ്പെടുത്തിയിട്ടുള്ള പക്ഷം :

ആണ്ട്................................ മാസം........................................ തീയതി......................

സ്ഥലം:
തീയതി:

അപേക്ഷകൻ്റെ ഒപ്പ്

---

## മഹസ്സർ

20 ................. മാസം .................... തീയതി ....................................................... ...................................................................................ആവശ്യത്തിന് .................................. വില്ലേജിൽ .......................... കരയിൽ ................................ വീട്ടിൽ ................................................. മകൻ ................................... ........................................... വിലകൂടാതെ ഗവൺമെൻ്റിലേയ്ക്ക് വിട്ടുതരാൻ സമ്മതിച്ച് 'എ' ഫോറം അപേക്ഷ തന്നിട്ടുള്ള .................................. വില്ലേജിൽ സർവ്വേ .............. .............................. ൽപ്പെട്ട ......... ഹെക്ടർ ........... ആർ സ്ഥലം തിട്ടം വരുത്തി എഴുതിയ മഹസ്സർ, സർവ്വേ ......................... നമ്പറിന് മൊത്തം ........................... ഹെക്ടർ ........... ആർ വിസ്തീർണ്ണമുള്ളതും .............................. ഇനത്തിൽപെട്ടതുമാണ്. ഈ സർവ്വെ നമ്പറിൽ ............................ ഹെക്ടർ ........... ആർ. സ്ഥലം അപേക്ഷകനായ ................................ ാം നമ്പർ തണ്ടപ്പേരിൽ കൊണ്ടുകിടക്കുന്നതും ടിയാന് സ്ഥലത്തിൽന്മേൽ പൂർണ്ണവകാശമുള്ളതുമാകുന്നു. ഇതിൽ നിന്നും .................... ഹെക്ടർ ........... ആർ സ്ഥലമാണ് വിട്ടുകൊടുക്കാനുദ്ദേശിക്കുന്നത്. ഈ സ്ഥലത്തിൻ്റെ സ്ക്കെച്ച് ഇതോടൊപ്പം ചേർത്തിരിക്കുന്നു.

ഈ സ്ഥലം .................................. കാലമായിട്ട് അപേക്ഷകൻ്റെ/സർക്കാർ കൈവശമിരിക്കുന്നതാകുന്നു. ഈ സ്ഥലത്തുള്ള ദേഹദണ്ഡങ്ങളുടെ പൂർണ്ണ വിവരം ഇതോയൊപ്പം ഉൾപ്പെടുത്തുന്നു.

ഈ വസ്തുവിനെ സംബന്ധിച്ച് യാതൊരു വിധമായ ബാദ്ധ്യതകളുമില്ല.

## ഭൂമിയുടെ ഏലുകൾ

---

1. തെക്ക് :
2. പടിഞ്ഞാറ് :
3. വടക്ക് :
4. കിഴക്ക് :

ഇപ്രകാരം മഹസ്സർ തയ്യാറാക്കി.

തടസ്സർ 1.

2.

വില്ലേജ് ഓഫീസർ

## ഫോറം -ബി (റൂൾ 7)

.................................... താലൂക്കിൽ ............................................... വില്ലേജിൽ താമസിക്കും .................. മകൻ ......................................................................ആയ ഞാൻ മേൽ മഹസ്സറിൽ വിവരിക്കുന്ന വസ്തുവിൻ മേൽ എനിക്കുള്ള എല്ലാ അവകാശങ്ങളും നിരുപാധികം വിട്ടൊഴിഞ്ഞു വസ്തു ഇതിനാൽ സർക്കാരിലേക്ക് വിട്ടു തന്നിരിക്കുന്നു.

സ്ഥലം:

തീയതി:

ഒപ്പ്

കക്ഷി ഞങ്ങളുടെ സാന്നിദ്ധ്യത്തിൽ ഒപ്പിട്ടിരിക്കുന്നു.

തടസ്സർ 1.

2.

വില്ലേജ് ഓഫീസർ